ഉത്തരം

(എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ആർക്കിടെക്ട് നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ടിന് 21-2-2015-ൽ സമർപ്പിച്ചിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ നടത്തുന്നതാണ്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം രൂപകല്പന തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കമ്പംകോട്ട മുതൽ ഏനാത്ത് വരെ വാഹനാപകടമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

295 (1329) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട്ട മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ വാഹന അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം എത്രയാണ്;

(ബി) പ്രസ്തുത പ്രദേശം വാഹനാപകട മുക്തമാക്കുന്നതിന് കെ.എസ്.റ്റി.പി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) എത്ര തുക ഇതിനായി ചെലവഴിച്ചു ; ഇതിനായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട് മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ (സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ - ക്രാഷ് ഡാറ്റാ പ്രകാരം) വാഹനാപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം താഴെ പറയുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	എണ്ണം
2011	10
2012	27
2013	12
2014	10

(ബി&സി) 2011-ൽ നവീകരണം പൂർത്തിയാക്കിയശേഷം പ്രസ്തുത റോഡിന്റെ കഴക്കൂട്ടം മുതൽ പെങ്ങാനാർ വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി 2012-ൽ റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കാലാകാലങ്ങളിൽ മഴമൂലമുണ്ടാകുന്ന പോട്ട് ഹോളുകൾ യഥാസമയം അടയ്ക്കുക, മാഞ്ഞുപോയ ഹമ്പ് മാർക്കിംഗ് ചെയ്യുക എന്നിവയും വാളകുത്തും കമ്പംകോടും മഴമൂലമുണ്ടായ കേടുപാടുകൾ ബി.സി. ഓവർലേ ചെയ്ത് റോഡ് യാത്ര സുഗമമാക്കുക, മറ്റ് റോഡ് സേഫ്റ്റി പ്രവൃത്തികളായ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയർ, റോഡ് സ്റ്റഡ്, കാട് വെട്ടിതെളിക്കൽ, ഓട ക്ലീനിംഗ് എന്നിവയും നടത്തിയിട്ടുണ്ട്. ഇടവഴികൾ അപ്രോച്ച് റോഡുകളിൽ ഹമ്പ് സ്ഥാപിച്ച് ഇതുവഴി വാഹനങ്ങൾ അമിത വേഗത്തിൽ എം.സി.റോഡിൽ പ്രവേശിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എം.സി. റോഡിന്റെ അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം മുതൽ അടൂർ വരെ ലോക ബാങ്ക് സഹായത്താൽ "സേഫ് കോറിഡോർ" പദ്ധതി നടപ്പാക്കുന്നതിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ആകെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

i. പോട്ട് ഹോൾ ഫില്ലിംഗ് - 43,000

ii. ഹമ്പ് മാർക്കിംഗ് - 1,05,000

iii. ബി.സി. ഓവർലേ - 12,46,931

iv. റോഡ് സേഫ്റ്റി വർക്ക് - കമ്പംകോട് മുതൽ ഏനാത്ത് വരെ ഉൾപ്പെടുന്ന കഴക്കൂട്ടം മുതൽ പെങ്ങാനാർ വരെയുള്ള എം.സി.റോഡിന്റെ സുരക്ഷാ പ്രവൃത്തികൾക്കായി (2012 കാലഘട്ടത്തിൽ) 4.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly